No. 001/2010/CL  Dated: 15.02.2010                    Latin Archdiocese of Trivandrum, Vellayambalam

# *തപസ്സ്കാലം 2010*

## *വിശ്വാസത്തിലൂടെ വെളിപ്പെടുന്ന ദൈവനീതി*

ദൈവത്തിനു സ്തുതി!
ദൈവജനത്തിനു സമാധാനം!

വന്ദ്യ വൈദികരേ, പ്രിയ മക്കളേ,

കഴിഞ്ഞ ബുധനാഴ്ച്ച വിഭൂതി തിരുന്നാൾ ആചരിച്ചുകൊണ്ട് നാം തപസ്സ്കാലം ആരംഭിച്ചു. പ്രാർത്ഥനയുടെയും പ്രായശ്ചിത്തത്തിന്റെയും ദിനങ്ങളാണ് നമ്മുടെ മുന്നിലുള്ളത്. യേശുവിന്റെ പീഡാനുഭവങ്ങളുടെയും കുരിശുമരണത്തിന്റെയും ഉയിർപ്പിന്റെയും ദിവ്യരഹസ്യങ്ങൾ അനുസ്മരിക്കുകയും അനുഭവിക്കുകയും ചെയ്തു കൊണ്ട് നമ്മെത്തന്നെ വിശുദ്ധീകരിക്കേണ്ട ദിനങ്ങളാണിവ. പരിശുദ്ധ പിതാവ് ബെനഡിക്ട് പതിനാറാമൻ പുറപ്പെടുവിച്ച തപസ്സുകാല സന്ദേശത്തിന്റെ പ്രസക്ത ഭാഗങ്ങളാണ് ഈ ഇടയലേഖനത്തിലൂടെ ഞാൻ നിങ്ങളുടെ ശ്രദ്ധയിൽ കൊണ്ടുവരുന്നത്. നീതിയെക്കുറിച്ചുള്ള ചില ചിന്തകളാണ് ഈ തപസ്സുകാല സന്ദേശത്തിന്റെ ഉള്ളടക്കം. ചിന്താവിഷയമായി പരിശുദ്ധ പിതാവ് നിർദേശിച്ചു തരുന്ന തിരുവചനങ്ങളിവയാണ്:"യേശു ക്രിസ്തുവിലുള്ള വിശ്വാസം വഴി ദൈവത്തിന്റെ നീതി വെളിപ്പെട്ടിരിക്കുന്നു."(cfr. റോമ 3,21-22)

### 1. എന്താണ് നിതീ?

എന്താണ് നീതി എന്ന ചേദ്യത്തിന് ഉത്തരമായി നൂറ്റാണ്ടുകളായി സാധാരണ നൽകിവരുന്ന പ്രയോഗമിതാണ് : ഓരോരുത്തർക്കും അവനവൻ അർഹിക്കുത് നൽകുതാണ് നീതി. മൂന്നാം നൂറ്റാണ്ടിൽ ഉൾപ്പിയൻ എന്ന റോമൻ നിയമജ്ഞൻ നീതിക്കു നൽകിയ വിശദീകരണമാണിത്. അർത്ഥവത്തായ ഒരു പ്രയോഗമാണ് ഇതെങ്കിലും നീതിയെക്കുറിച്ചുള്ള എല്ലാ ചോദ്യങ്ങൾക്കും ഉത്തരം ഇതിലില്ല. ഓരോരുത്തരും അർഹിക്കുന്നത് എന്താണെന്നോ, അർഹിക്കുതെന്തന്ന് തീരുമാനിക്കേണ്ടത് ആരാണെന്നോ, എങ്ങനെയാണെന്നോ ഉള്ള ചോദ്യങ്ങൾക്ക് ഉത്തരം ഈ പ്രയോഗത്തിലില്ല.

### 2 നീതിയെക്കുറിച്ചുള്ള വ്യത്യസ്തമായ കാഴ്ച്ചപാടുകൾ

അർഹിക്കുന്നത് എന്താണ് എന്നതിനെക്കുറിച്ച് യജമാനന്റെയും ദാസന്റെയും കാഴ്ച്ചപ്പാടുകൾ വ്യത്യസ്തങ്ങളാണ്; മുതലാളിയുടെ കാഴ്ച്ചപ്പാടല്ല തൊഴിലാളിക്കുള്ളത്; മേൽത്തട്ടിലുള്ളവർ ന്യായമാണെന്നു പറയുന്നത് കീഴ്ത്തട്ടിലുള്ളവർക്ക് അന്യായമായി അനുഭവപെടുന്നു. അർഹിക്കുതെന്താണ് എന്നതിനെക്കുറിച്ച് വ്യക്തമായ കാഴ്ചപ്പാടു കൂടാതെ നീതി നടപ്പിലാക്കുവാൻ സാധിക്കുകയില്ല. വ്യക്തമായ കാഴ്ചപാടുകളുടെ അഭാവത്തിൽ അനീതിയുടെ പേരിൽ സമൂഹത്തിൽ നടമാടുന്ന സംഘർഷങ്ങൾ തുടരുകയും ചെയ്യും.

യേശു അരുൾചെയ്ത മുന്തിരിത്തോട്ടത്തിലെ ജോലിക്കാരുടെ ഉപമ വ്യക്തമാക്കുന്നതും നീതിയെക്കുറിച്ചുള്ള ഈ വ്യത്യസ്തമായ കാഴ്ച്ചപാടുകളാണ് (cfr. മത്താ 20,1-16) ജോലിക്കാരെ അന്വേഷിച്ചു പുറപ്പെട്ട യജമാനൻ അതിരാവിലെ കണ്ടെത്തിയവരെ ദിവസകൂലിയായ ഒരു ദിനാറ നൽകാമെന്ന കരാറിൽ മുന്തിരിത്തോട്ടത്തിലേയ്ക്കു പറഞ്ഞയച്ചു. മൂന്നാം മണിക്കൂറിലും ആറാം മണിക്കൂറിലും ഒൻപതാം മണിക്കൂറിലും പതിനൊന്നാം മണിക്കൂറിലും ഇതുപോലെ ന്യായമായ കൂലിതരാമെന്നു പറഞ്ഞു ജോലിക്കാരെ തോട്ടത്തിലേയ്ക്ക് അയച്ചു. അവസാനം വന്ന് ഒരു മണിക്കൂർ മാത്രം ജോലി ചെയ്തവർ ഒരു ദനാറ വീതം സ്വീകരിക്കുന്നതു കണ്ടപ്പോൾ സ്വാഭാവികമായും നേരത്ത വന്നവരൊക്കെ കൂടുതൽ കിട്ടുമെന്ന് പ്രതീക്ഷിച്ചു. എന്നാൽ പന്ത്രണ്ടു മണിക്കൂറോളം ജോലിചെയ്തവർക്കും കിട്ടിയത് ഓരോ ദനാറ തയൊയിരുന്നു. ഒരു മണിക്കൂർ ജോലിചെയ്തവരെയും പന്ത്രണ്ടു മണിക്കൂർ ജോലി ചെയ്തവരെയും തുല്യരായി കരുതിയത് തികഞ്ഞ അനീതിയാണെന്നും അർഹിക്കുന്നത് ലഭിച്ചില്ലെന്നും അവർ പരാതിപ്പെട്ടു. കരാർ അനുസരിച്ച് അർഹിക്കുന്നത് നൽകിയിട്ടുണ്ടെന്നും ചിലർക്ക് അർഹിക്കുതിലപ്പുറം കൊടുത്തുകൊണ്ട് തന്റെ സ്വത്ത് തനിക്കിഷ്ടം പോലെ വിനിയോഗിക്കുന്നത് അനീതിയല്ലെന്നും യജമാനൻ അവകാശപ്പെടുന്നു.

നീതിയെക്കുറിച്ച് ഇപ്രകാരമുള്ള വ്യത്യസ്ത കാഴ്ച്ചപാടുകൾ അനുദിന ജീവിതത്തിൽ നമ്മുടെ ഭവനങ്ങളിൽത്തന്നെ കണ്ടു വരുന്ന ഒന്നാണ്. അർഹിക്കുന്നവയെക്കുറിച്ച് ഭാര്യയ്ക്കുള്ള സങ്കൽപങ്ങളല്ല ഭർത്താവിനുള്ളത്. മാതാപിതാക്കൾ ന്യായമാണെന്നു കരുതുന്നത് തികഞ്ഞ അനീതിയായി മക്കൾക്ക് അനുഭവപ്പെടുന്നു. പത്തുവയസ്സായ ഒരു കുട്ടി ഏതെങ്കിലുമൊരു വീട്ടുപകരണത്തിന് കേടു വരുത്തുകയാണെങ്കിൽ അമ്മയിൽ നിന്നും ആ കുട്ടിക്ക് ലഭിക്കുന്നത് തല്ലായിരിക്കും. എന്നാൽ അതേ തെറ്റു തന്നെ ഒരു പിഞ്ചു ശിശുവാണ് ചെയ്യുന്നതെങ്കിൽ അതിനു കിട്ടുന്നത് തലോടലായിരിക്കും. ഒരേ തെറ്റിന് ഒരാൾക്ക് തല്ലും മറ്റൊരാൾക്ക് തലോടലും നൽകുന്ന ഈ സമീപനം തികഞ്ഞ അനീതിയാണെന്ന് പത്തു വയസ്സ്കാരന് പരാതിപ്പെടാം. എന്നാൽ തല്ലും തലോടലും മക്കൾ അർഹിക്കുന്നവയാണെന്നും എങ്ങനെയാണ് പ്രതികരിക്കേണ്ടത് എന്നു തീരുമാനക്കേണ്ടത് തന്റെ അവകാശമാണെന്നും തല്ലും തലോടലും സ്നേഹത്തിൽ നിന്നാകുമ്പോൾ അതിൽ അനീതി ഇല്ലെന്നുമായിരിക്കും അമ്മയുടെ ന്യായവാദം.

എന്തിനേറെ നീതിയെക്കുറിച്ച് ദൈവത്തിനും മനുഷ്യർക്കുമുള്ള കാഴ്ച്ചപ്പാടുകളിൽ സാരമായ വ്യത്യാസങ്ങളുണ്ട്. പലപ്പോഴും ദൈവത്തിന്റെ നീതിയെ നാം ചോദ്യം ചെയ്തുപോകുന്ന അവസരങ്ങളുണ്ട്. ആർക്കും ആരെയും ആശ്രയിക്കേണ്ടിവരാതെ ആവശ്യമുള്ളതൊക്കെ നൽകികൊണ്ട് എല്ലാവരെയും തുല്യരായി സൃഷ്ടിക്കുവാൻ ദൈവം വിചാരിച്ചാൽ സാധിക്കുമായിരുന്നില്ലേ? ഒരു കൂട്ടർ തിന്നു കുടിച്ചു സുഖലോലുപരായി ജീവിക്കുമ്പോൾ നല്ലൊരു വിഭാഗം ആളുകളെ ദു:ഖങ്ങൾക്കും ദുരിതങ്ങൾക്കും അക്രമത്തിനും അവശതകൾക്കും ദാരിദ്ര്യത്തിനും രോഗത്തിനും വിധേയരായി ജീവിക്കുവാൻ അനുവദിക്കുന്ന ദൈവം നീതിമാനാണോ? ദൈവനീതിയെക്കുറിച്ചുള്ള സംശയങ്ങളാണ് നീരീശ്വരരായി കഴിയുവാൻ പലരേയും പ്രേരിപ്പിക്കുന്നത്. എന്നാൽ ഇന്ന് ലോകത്തിൽ ജീവിക്കുന്ന എല്ലാവർക്കും ആവശ്യമുള്ളതിലധികം സൃഷ്ടിച്ചിട്ടുണ്ടെന്നും, നീതിപൂർവ്വം അവ ഉപയോഗിക്കാൻ വേണ്ട മാർഗ്ഗനിർദേശങ്ങൾ നൽകിയിട്ടുണ്ടെും, ഇവയുടെയൊക്കെ ദുരുപയോഗമാണ് മനുഷ്യരുടെ ഇടയ്ക്ക് നടമാടുന്ന അനീതിക്ക് കാരണമെന്നും ദൈവത്തിനും വാദിക്കാം.

നീതിയെക്കുറിച്ചു ചിന്തിക്കുമ്പോൾ പലപ്പോഴും മനുഷ്യർ ഭൗതിക വസ്തുക്കളുടെ അർഹമായ വിതരണത്തിനാണ് പ്രാധാന്യം നൽകുന്നത്. ഭൗതിക വസ്തുക്കളെല്ലാം ആവശ്യമുള്ളവ തന്നെ. അതുകൊണ്ടാണല്ലോ ദൈവം അവയെ സൃഷ്ടിച്ചത്. യേശുവും ഭൗതിക വസ്തുക്കൾക്ക് അർഹമായ പ്രാധാന്യം നൽകുന്നുണ്ട്. അവിടുന്ന് വിശക്കുന്നവർക്ക് ആഹാരവും രോഗികൾക്ക് സൗഖ്യവും

നൽകുക മാത്രമല്ല, സമ്പത്ത് പങ്കു വയ്ക്കാതെ തങ്ങൾക്കായി മാത്രം കുന്നുകൂട്ടുന്നവരെ ശക്തമായ ഭാഷയിൽ അപലപിക്കുകയും ചെയ്യുന്നു. എന്നാൽ ഭൗതിക നന്മകൾ എത്ര തന്നെ വാരിക്കൂട്ടിയാലും ദൈവത്തിൽ സമാശ്വസിക്കുന്നതുവരെ അർഹിക്കുന്നത് ലഭിച്ചുവെന്ന സംതൃപ്തി മനുഷ്യന് ഒരിക്കലുമുണ്ടാവില്ല. ഓരോരുത്തർക്കും അർഹിക്കുന്നത് നൽകുന്നതാണ് നീതിയെങ്കിൽ ദൈവത്തിന് നമ്മുടെ ജീവിതത്തിൽ അർഹിക്കുന്ന സ്ഥാനം നൽകാത്തതല്ലേ ഏറ്റവും വലിയ അനീതിയെന്ന് വിശുദ്ധ ആഗസ്റ്റിൻ ചോദിക്കുന്നു. (cfr. De Civitate Dei . XIX, 21)

### 3. പുറപ്പാടു സംഭവം വെളിപ്പെടുത്തുന്ന ദൈവ നീതി.

ദൈവത്തിന്റെ നീതിയെക്കുറിച്ചു തന്നെ നമുക്ക് ഒന്ന കൂടി ആഴമായി ചിന്തിക്കാം. ഇസ്രായേൽ ജനത ദൈവത്തിന്റെ നീതി വ്യക്തമായി ദർശിക്കുന്നത് പുറപ്പാട് സംഭവത്തിലാണ്. ഓരോ കൊല്ലവും കുടുംബത്തലവൻ ആദ്യഫലങ്ങൾ ദൈവതിരുസന്നിധിയിൽ സമർപ്പിച്ചുകൊണ്ട് ദൈവത്തിന്റെ നീതിയെ ഇപ്രകാരം പ്രകീർത്തിച്ചിരുന്നു "ഈജിപ്തുകാർ ഞങ്ങളോട് ക്രൂരമായി പെരുമാറുകയും ഞങ്ങളെ മർദ്ദിക്കുകയും ഞങ്ങളെക്കൊണ്ട് അടിമവേല ചെയ്യിപ്പിക്കുകയും ചെയ്തു. അപ്പോൾ ഞങ്ങൾ ഞങ്ങളുടെ പിതാക്കന്മാരുടെ ദൈവമായ കർത്താവിനോട് നിലവിളിച്ചപേക്ഷിച്ചു. അവിടുന്ന് ഞങ്ങളുടെ നിലവിളികേട്ടു. ഞങ്ങൾ അനുഭവിക്കുന്ന നിന്ദയും ക്ലേശവും മർദ്ദനവും അവിടുന്നു കണ്ടു. ശക്തമായ കരം നീട്ടി ഭീതിജനകമായ അടയാളങ്ങളും അത്ഭുതങ്ങളും പ്രവർത്തിച്ചു കർത്താവു ഞങ്ങളെ ഈജിപ്തിൽ നിന്നും മോചിപ്പിച്ചു" (നിയ.26,6-7). നീതിക്കായി നിലവിളിക്കുന്ന ഒരു ജനതയേയും നിലവിളികേട്ട് നീതി നടപ്പാക്കിക്കൊടുക്കുന്ന ദൈവത്തെയുമാണ് ഈ തിവുവചനങ്ങൾ നമുക്ക് വെളിപ്പെടുത്തിത്തരുന്നത്.

അല്പമായ ആശ്വാസം നൽകുന്ന അല്ലറ ചില്ലറ ഉപവി പ്രവർത്തനങ്ങളിലൂടെയോ, ഭീകര പ്രവർത്തനങ്ങൾക്ക് ജനങ്ങളെ പ്രേരിപ്പിച്ചു കൊണ്ടോ, ദുഷിച്ച സാമൂഹ്യ വ്യവസ്ഥിതിയുമായി ഏതെങ്കിലും തരത്തിലുള്ള വിട്ടുവീഴ്ചകൾക്ക് തയ്യാറായിക്കൊണ്ടോ ഒത്തുതീർപ്പുകളിലേർപ്പെട്ടുകൊണ്ടോ അല്ല ദൈവം നീതി നടപ്പാക്കുന്നത്. അനീതിനിറഞ്ഞ ഘടനയെത്തന്നെ ദൈവം തകർക്കുന്നു. മാനുഷികത തൊട്ടു തീണ്ടാത്ത ഈ ഘടനയെ അതിൽത്തന്നെ പതിയിരിക്കുന്ന ദുരന്തങ്ങൾക്ക് വിധേയമാകാൻ ദൈവം അനുവദിക്കുന്നു. അനീതി നിറഞ്ഞ ഈജിപ്തിലെ സാഹചര്യങ്ങളിൽ നിന്നും നീതിക്കായി ദാഹിക്കുന്ന ഇസ്രയേലിനെ പിഴുതു മാറ്റി പുതിയൊരു അന്തരീക്ഷത്തിൽ പ്രതിഷ്ഠിക്കുകയും സമത്വത്തിലും സ്നേഹത്തിലും സാഹോദര്യത്തിലും ജീവിക്കാൻ വേണ്ട മാർഗ്ഗ നിർദ്ദേശങ്ങൾ നൽകുകയും ചെയ്യുന്നു (cfr. പുറ 20, 1-17). അതുകൊണ്ടാണ് ഇസ്രായേൽ ഇപ്രകാരം പറഞ്ഞിരുന്നത്: ''നമ്മുടെ കർത്താവു കൽപിച്ചിട്ടുള്ളതുപോലെ അവിടുത്തെ മുമ്പാകെ ഈ കൽപനകളെല്ലാം ശ്രദ്ധാപൂർവ്വം പാലിച്ചാൽ നാം നീതിയുള്ളവരായിരിക്കും'' (നിയ. 6,25). ഇസ്രായേലിന്റെ നിലവിളികേട്ട ദൈവമാണ് നിലവിളിക്കുന്നവരുടെ സ്വരം കേൾക്കുവാൻ ഇസ്രായേലിനോട് കല്പിക്കുന്നത് (cfr. പ്രഭാ. 4, 4-8; പുറ. 22, 21; നിയ. 15, 12-18). എന്നാൽ ക്രമേണ പ്രബലരായിത്തീർന്നപ്പോൾ ഇസ്രായേൽ ജനത ദൈവം നൽകിയ കൽപനകൾ പാലിച്ചില്ലെന്നു മാത്രമല്ല ഈജിപ്തുകാരെയും കടത്തിവെട്ടുന്ന അന്യായമായ മാർഗ്ഗങ്ങൾ അവലംബിക്കുകയും ചെയ്തു. ഇതിനെതിരായിട്ടാണ് പ്രവാചകരെല്ലാം ശക്തമായ ഭാഷയിൽ ആഞ്ഞടിക്കുന്നത്. പിൽക്കാലത്ത് ഇസ്രായേലിനു വന്നു ഭവിച്ച എല്ലാ ദുരന്തങ്ങൾക്കു കാരണവും ഈ നീതി ലംഘനമാണ്.

### 4. ഉള്ളിലുള്ള തിന്മയാണ് അനീതിയുടെ പ്രധാന കാരണം.

ഇങ്ങനെ ദൈവം തന്നെ ഇടപെട്ട് പുതിയൊരു സാമൂഹ്യ ഘടന രൂപപ്പെടുത്തുകയും ആവശ്യമായ മാർഗ്ഗ നിർദേശങ്ങൾ നൽകുകയും ചെയ്തെങ്കിലും അതിനനുസൃതമായി ജിവിക്കുന്നതിൽ ഇസ്രായേൽ

പരാജയപ്പെടുന്നു. വെറും ബാഹ്യമായ സാമൂഹ്യ വ്യവസ്ഥിതികളിലൂടെയും പലകകളിലെഴുതിയ നിയമങ്ങളിലൂടെയെല്ലാം നീതി നടപ്പാക്കാൻ സാധിക്കുകയില്ല എന്ന സത്യത്തിലേയ്ക്ക് ക്രമേണ ദൈവം ഇസ്രായേൽ ജനതയെ നയിക്കുകയായിരുന്നു. അനീതിയുടെ അംശങ്ങൾ നമ്മുടെ ഉള്ളിൽത്തന്നെയുണ്ട് എന്ന വസ്തുത പലപ്പോഴും നാം മനസ്സിലാക്കുന്നില്ല. നമുക്കു ചുറ്റുമുള്ളവരിൽ കാണുന്ന അന്യായമായ സമീപനങ്ങളാണ് നമ്മെ പ്രകോപിപ്പിക്കുന്നത്. നാം ജീവിക്കുന്ന സമൂഹത്തിലെ അന്യായമായ സംവിധാനങ്ങളെയാണ് നാം അപലപിക്കുന്നത്. ഇന്നത്തെ പല പ്രത്യയ ശാസ്ത്രങ്ങളും ബാഹ്യമായ അനീതിക്കെതിരെ ശബ്ദമുയർത്താനും പടപൊരുതാനും നമ്മെ പ്രേരിപ്പിക്കുമ്പോൾ ഓരോരുത്തരുടെയും ഉള്ളിലുള്ള അനീതിയുടെ അംശങ്ങൾക്കെതിരെ കണ്ണടയ്ക്കുകയാണ് ചെയ്യുന്നത്. ഇന്നു സമൂഹത്തിൽ കാണുന്ന അനീതി നിറഞ്ഞ സംവിധാനങ്ങളെല്ലാം അനേകായിരം മനുഷ്യ ഹൃദയങ്ങളിൽ നിന്നുവരുന്ന അനീതിയുടെ അനന്തര ഫലങ്ങളാണ് എന്ന വസ്തുത നാം സൗകര്യപൂർവ്വം വിസ്മരിക്കുന്നു.

ഓരോരുത്തരുടേയും ഉള്ളു നന്നാവാതെ പുറമേയുള്ളവയെ നന്നാക്കുവാനോ സമൂഹത്തെ അനീതിയിൽ നിന്നു മോചിപ്പിക്കുവാനോ ആർക്കും സാധിക്കുകയില്ല. അതുകൊണ്ടാണ് യേശുവും ജനക്കൂട്ടത്തെ ഇപ്രകാരം ഉപദേശിച്ചത്: "പുറമേ നിന്ന് ഉള്ളിലേയ്ക്ക് കടന്ന് ഒരുവനെ അശുദ്ധനാക്കാൻ ഒന്നിനും കഴിയുകയില്ല. എന്നാൽ ഉള്ളിൽ നിന്നും പുറപ്പെടുന്നവയാണ് അവനെ അശുദ്ധനാക്കുന്നത്"(മാർക്ക,7,15). ഹൃദയത്തെ ഗ്രസിച്ചിരിക്കുന്ന തിന്മയെക്കുറിച്ചുള്ള ഈ അവബോധമാണ് ഇപ്രകാരം വിലപിക്കുവാൻ സങ്കീർത്തകനെയും പ്രേരിപ്പിച്ചത്: "പാപത്തോടെയാണ് ഞാൻ പിറന്നത്. അമ്മയുടെ ഉദരത്തിൽ ഉത്ഭവിച്ചപ്പോഴെ ഞാൻ പാപിയാണ്" (സങ്കീ 51,5). നീതിപൂർവ്വം വർത്തിക്കുവാൻ ആഗ്രഹിക്കുമ്പോഴും മറ്റുള്ളവരുടെ മേൽ ആധിപത്യം സ്ഥാപിക്കുവാനും അവരോട് മത്സരിച്ച് എല്ലാം തനിക്കായി വാരിക്കൂട്ടുവാനും ഉള്ളിൽ നിന്നും തന്നെ നിർബ്ബന്ധിക്കുന്ന ഒരു വിചിത്ര ശക്തിയെക്കുറിച്ച് പൗലോസും പ്രതിപാദിക്കുന്നുണ്ട്: "ഇച്ഛിക്കു നന്മയല്ല, ഇച്ഛിക്കാത്ത തിന്മയാണ് ഞാൻ പ്രവർത്തിക്കുന്നത്. ഞാൻ ഇച്ഛിക്കാത്തത് ഞാൻ ചെയ്യുന്നുവെങ്കിൽ അത് ചെയ്യുന്നത് ഒരിക്കലും ഞാനല്ല, എന്നിൽ വസിക്കുന്ന തിന്മയാണ് എന്നൊരു തത്വം ഞാൻ കാണുന്നു" (റോമ 7,19-21).

ഏദൻ തോട്ടത്തിലാണ് ഇതിന്റെ ആരംഭം. അവിടെ മനുഷ്യൻ അർഹിക്കുന്നതെല്ലാം ദൈവം അവന് നൽകിയിട്ടുണ്ടായിരുന്നു. ആവശ്യമില്ലാത്തതും അർഹിക്കാത്തതും എന്താണെന്ന് ദൈവം അവന് വ്യക്തമാക്കികൊടുക്കുകയും ചെയ്തിരുന്നു. സർപ്പത്തിന്റെ രൂപത്തിൽ വന്ന തിന്മയുടെ സ്വാധീനം മനുഷ്യന് ആദ്യമായി അനുഭവപ്പെടുന്നത് ഏദൻ തോട്ടത്തിൽ വച്ചാണ്. യഥാർത്ഥത്തിൽ മനുഷ്യന് ദൈവം നൽകിയ അമൂല്യദാനങ്ങളിലൊന്നായ സ്വാതന്ത്ര്യത്തിന്റെ ദുരുപയോഗം കൂടിയായിരുന്നു അത്. അതോടെ തന്നെ സൃഷ്ടിക്കുകയും, സ്നേഹപൂർവ്വം പരിപാലിക്കുകയും ചെയ്യുന്ന ദൈവത്തെ അവൻ സംശയ ദൃഷ്ടിയോടെ വീക്ഷിക്കുവാൻ തുടങ്ങുന്നു. ദൈവത്തിനു അർഹമായതു നിഷേധിക്കാനും താൻ അർഹിക്കാത്തത് നേടിയെടുക്കാനും ശ്രമിക്കുന്നു. ദൈവത്തെ ഹൃയത്തിൽ നിന്ന് ബഹിഷ്കരിച്ച് തിന്മയുടെ ശക്തിയെ അവിടെ കുടിയിരുത്തുകയും ചെയ്യുന്നു. അന്നുമുതൽ മനുഷ്യരുടെ ഉള്ളിൽ പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന ഈ തിന്മയുടെ അനന്തരഫലങ്ങളാണ് സമൂഹത്തിലെ അനീതി നിറഞ്ഞ സംവിധാനങ്ങളെല്ലാം. ഉള്ളു നന്നാവാതെ നീതിനടപ്പാക്കാനാവില്ല. സർവ്വ പ്രധാനമായി ഈ തപസ്സ്കാലത്ത് നാം ഉന്നം വയ്ക്കുന്നതും ഈ ഹൃദയ വിശുദ്ധികരണമാണ്.

## 5. ദൈവകൃപ വഴി ലഭിക്കു നീതികരണം.

ഹൃദയത്തെ ഗ്രസിച്ചിരിക്കുന്ന തിന്മയിൽ നിന്ന് മോചനം പ്രാപിച്ച് നീതിപൂർവ്വം വ്യാോപരിക്കുവാൻ മനുഷ്യനെ പ്രാപ്തനാക്കു ഫലപ്രദമായ മാർഗ്ഗമേതാണ്? ഈ ചോദ്യത്തിന് ഉത്തരമായിട്ടാണ് തപസ്സുകാല സന്ദേശത്തിൽ റോമാക്കാർക്കുള്ള ലേഖനം മൂന്നാം അദ്ധ്യായം 21 മുതൽ 25 വരെ വാക്യങ്ങളെക്കുറിച്ച് ധ്യാനിക്കുവാൻ മാർപാപ്പ നമ്മെ ഉപദേശിക്കുന്നത്. മനുഷ്യന്റെ

പ്രവർത്തനങ്ങൾകൊണ്ടോ മാനുഷിക നിയമങ്ങൾകൊണ്ടോ മാത്രം ഈ നീതികരണം സാദ്ധ്യമല്ലെന്നാണ് പൗലോസ് നമ്മെ പഠിപ്പിക്കുന്നത്. യേശു ക്രിസ്തുവിലുള്ള വിശ്വാസം വഴി നമുക്ക് ലഭിക്കുന്ന ദൈവകൃപ നമ്മിൽ പ്രവർത്തിക്കുമ്പോഴാണ് നാം നീതീകരിക്കപ്പെടുന്നത്. പൗലോസിന്റെ തന്നെ വാക്കുകളിൽ ഇതു വ്യക്തമാണ്: ''ദൈവനീതി നിയമത്തിലൂടെയല്ലാതെ ഇപ്പോൾ വെളിപ്പെട്ടിരിക്കുന്നു. ഈ ദൈവനീതി വിശ്വസിക്കുന്ന എല്ലാവർക്കും ആരെന്നുള്ള വ്യത്യാസം കൂടാതെ യേശു ക്രിസ്തുവിലുള്ള വിശ്വാസം വഴി ലഭിക്കുതാണ്. എല്ലാവരും പാപം ചെയ്ത് ദൈവ മഹത്വത്തിന് അയോഗ്യരായി. അവർ അവിടുത്തെ കൃപയാൽ യേശു ക്രിസ്തു വഴിയുള്ള വീണ്ടെടുപ്പിലൂടെ സൗജന്യമായി നീതികരിക്കപ്പെടുന്നു. വിശ്വാസം വഴി സംലബ്ദമാകുന്ന രക്തം കൊണ്ടുള്ള പാപ പരിഹാരമായി ദൈവം അവനെ നിശ്ചയിച്ചു തന്നു.”

നിയമത്തിനു നമ്മെ നീതികരിക്കാനാവില്ല. നീതിപൂർവ്വം വർത്തിക്കുവാൻ നാം എന്താണ് ചെയ്യേണ്ടതെന്ന് ചൂണ്ടിക്കാണിക്കുവാൻ മാത്രമേ നിയമത്തിനു സാധിക്കുകയുള്ളൂ. നിയമമനുസരിച്ച് നീതിപൂർവ്വം വർത്തിക്കുവാൻ ശ്രമിക്കുമ്പോഴാണ് നമ്മുടെ മാത്രം പ്രയത്നങ്ങൾകൊണ്ട് അതു സാദ്ധ്യമാണെന്ന് നാം മനസ്സിലാക്കുന്നത്. അങ്ങനെയാണെങ്കിൽ മനുഷ്യന്റെ നീതികരണം അസാദ്ധ്യമാണോ? അല്ല. നീതികരണം സാധിക്കുന്നത് നിയമങ്ങളിലൂടെയല്ല, വിശ്വാസത്തിലൂടെയാണ്; അതു മാനുഷിക പ്രവർത്തനങ്ങളിലൂടെയല്ല, ദൈവ കൃപയിലൂടെയാണ് സാദ്ധ്യമാകുന്നത്.

എങ്ങനെയാണ് ഈ ദൈവകൃപ മനുഷ്യനിൽ പ്രവർത്തിച്ച് അവനെ നീതികരിക്കുന്നതെന്നും പൗലോസിന്റെ പഠനത്തിൽ സൂചനകളുണ്ട്. കുറ്റാരോപിതരായ വ്യക്തികൾ ന്യായാധിപന്റെ മുമ്പിൽ വരുമ്പോൾ അവരിൽ കുറ്റമില്ലെന്ന് തെളിയിക്കപ്പെടുമ്പോഴാണ് അവർ നീതീകരിക്കപ്പെടുന്നത്. എന്നാൽ അങ്ങനെ ഒരവസ്ഥ ഒരു മനുഷ്യനും സാദ്ധ്യമല്ല. കാരണം പാപരഹിതമായ മനുഷ്യരാരുമില്ല. യഥാർത്ഥത്തിൽ പാപികളായവരെ ദൈവ കൃപ നീതിമാന്മാരായി പരിഗണിക്കുകയാണ് ചെയ്യുന്നത്. ഇങ്ങനെയൊരു പരിഗണനയെക്കുറിച്ച് യഹൂദന്മാർക്ക് ചിന്തിക്കുവാൻ പോലും സാധിക്കുമായിരുന്നില്ല. കാരണം ദുഷ്ടൻമാരെ നീതിമാന്മാരായി വിധിക്കുന്ന ന്യായാധിപന്മാർ നീതിരഹിതരാണെന്നാണ് തിരുവചനങ്ങൾ പഠിപ്പിച്ചിരുന്നത്. (cfr. സഭാ 7,15). എന്നിട്ടും ഇതാണ് ദൈവം നമ്മോട് ചെയ്യുന്നതെന്ന് പൗലോസ് പഠിപ്പിക്കുന്നു. പാപികളായ മനുഷ്യരെ അവർ പാപികളല്ലെന്ന് ദൈവം വിധിക്കുന്നു. യേശു പഠിപ്പിച്ചതുകൊണ്ടു മാത്രമാണ്, യേശുവിൽ വിശ്വസിക്കുന്നതുകൊണ്ടു മാത്രമാണ് ഇത്തരം ഒരു നീതികരണത്തെക്കുറിച്ച് അറിയാനും അത് അനുഭവിക്കുവാനും നമുക്ക് സാധിക്കുന്നത്. കാരണം ദൈവം സ്നേഹമാണെന്നും പാപികളെപോലും മക്കളായി പരഗണിക്കുന്ന, അവരുടെ തിരിച്ചുവരവിനായി കാത്തിരിക്കുന്ന ഒരു സ്നേഹ പിതാവാണ് ദൈവമെന്നു യേശു നമ്മെ പഠിപ്പിച്ചു.

സ്വാർത്ഥലാഭത്തിനായി വഴിപിഴച്ച ന്യായാധിപന്മാർ ചെയ്യുന്നതുപോലെയല്ല, തികച്ചും ന്യായമായ രീതിയിൽത്തന്നെയാണ് ദൈവം പാപികളായ മനുഷ്യരെ നീതിമാന്മാരായി പരിഗണിക്കുന്നത്. ഈ നീതീകരണത്തിനായി പൗലോസ് സൂചിപ്പിക്കുന്നതുപോലെ ദൈവത്തിനു തന്റെ തിരുക്കുമാരന്റെ രക്തം തന്നെ വിലയായികൊടുക്കേണ്ടിവന്നു: “അവനിൽ വിശ്വസിക്കുന്ന ഏവനും നശിച്ചു പോകാതെ നിത്യ ജീവൻ പ്രാപിക്കുന്നതിനു വേണ്ടി തന്റെ ഏകജാതനെ നൽകാൻ തക്കവിധം ദൈവം അത്രമാത്രം ലോകത്തെ സ്നേഹിച്ചു” (യോഹ. 3, 16). ഇങ്ങനെ മനുഷ്യരുടെ കടങ്ങളും ശാപങ്ങളുമെല്ലാം സ്വയം ഏറ്റെടുത്ത് അവയ്ക്കു പരിഹാരം ചെയ്തതിനു ശേഷമാണ് ദൈവം അവരെ നീതിമാന്മാരായി പരിഗണിക്കുന്നത്. പൗലോസ് വീണ്ടും പഠിപ്പിക്കുന്നു: ''ക്രിസ്തു നമ്മെ പ്രതി ശപിക്കപ്പെട്ടവനായിത്തീർന്നുകൊണ്ട് നിയമത്തിന്റെ ശാപത്തിൽ നിന്നു നമ്മെ രക്ഷിച്ചു.” (ഏമള. 3,13).

അർഹിക്കുന്നത് ലഭിക്കുന്നതാണ് നീതിയെങ്കിൽ യേശുവിന്റെ ഈ വീണ്ടെടുപ്പിനെ എങ്ങനെ നീതിയെന്നു വിശേഷിപ്പിക്കാനാവും? നിഷ്കളങ്കനായ യേശുവിന് അപമാനവും പീഡകളും മരണവും,

പാപിയായ മനുഷ്യന് കൃപയും അനുഗ്രഹങ്ങളും കിട്ടുമ്പോൾ അർഹിക്കുന്നതല്ലല്ലോ ലഭിക്കുത്. നീതിയെക്കുറിച്ചുള്ള മനുഷ്യരുടെ സങ്കൽപത്തിന് ഘടക വിരുദ്ധമായ ഒന്നല്ലെ ഇത്? യഥാർത്ഥത്തിൽ ഇതാണ് ദൈവത്തിന്റെ നീതി. ഒന്നും ബാക്കിവയ്ക്കാതെ എല്ലാം നൽകുന്നതാണ്, അർഹിക്കുന്നതിനേക്കാൾ ആയിരം മടങ്ങായി വാരിക്കോരി കൊടുക്കുന്നതാണ് ദൈവത്തിന്റെ നീതി. നീതിമാനായ ഈ ദൈവത്തിലുള്ള വിശ്വാസം വഴി ലഭിക്കുന്ന കൃപയാണ് മനുഷ്യനെ നീതീകരിക്കുന്നത്.

ആദിമക്രൈസ്തവ സമൂഹം ഇപ്രകാരം നീതീകരിക്കപ്പെട്ടവരുടെ സമൂഹമായിരുന്നു. വേദപുസ്തകത്തിൽ അവരെ അവതരിപ്പിച്ചിരിക്കുന്നത് ഇപ്രകാരമാണ്: "വിശ്വാസികളുടെ സമൂഹം ഒരു ഹൃദയവും ഒരാത്മാവും ആയിരുന്നു. ആരും തങ്ങളുടെ സ്വത്ത് സ്വന്തമെന്ന് അവകാശപ്പെട്ടില്ല. എല്ലാം പൊതുസ്വത്തായിരുന്നു..... അവരുടെ ഇടയിൽ ദാരിദ്ര്യമനുഭവിക്കുന്നവർ ആരും ഉണ്ടായിരുന്നില്ല. കാരണം പറമ്പും വീടും സ്വന്തമായുണ്ടായിരുന്നവരെല്ലാം അവയത്രയും വിറ്റു കിട്ടിയ തുക അപ്പസ്തോലന്മാരുടെ കാൽക്കൽ ഏൽപ്പിച്ചു. അത് ഓരോരുത്തർക്കും ആവശ്യാനുസരണം വിതരണം ചെയ്തു" (അപ്പ.പ്രവ.4,32-35). നീതിമാനായ ദൈവത്തെ അനുകരിച്ച് സ്വയം ശൂന്യരാകാൻ അവർ തയ്യാറായിരുന്നു. തങ്ങൾ അർഹിക്കുന്നത് നേടിയെടുക്കുന്നതിനെക്കാൾ മറ്റുള്ളവർ അർഹിക്കുന്നവ നൽകുന്നതിനാണ് അവർ മുൻഗണന നൽകിയിരുന്നത്. സർവ്വോപരി നീതിമാനായ ദൈവത്തിൽ അവർ ആശ്രയിക്കുകയും ദൈവം നൽകുന്നതെല്ലാം തങ്ങൾ അർഹിക്കുന്നതാണെും അതെല്ലാം തങ്ങളുടെ നന്മയ്ക്ക് ഉപകരിക്കുന്നതാണെന്നും അവർ വിശ്വസിച്ചിരുന്നു. ആദിമ ക്രൈസ്തവ സമൂഹത്തെ അനുകരിച്ച് സ്വയം ശ്യൂന്യരാവുകയും മറ്റുള്ളവരുടെ ആവശ്യങ്ങൾക്കു മുൻഗണന നൽകുകയും സർവ്വോപരി നീതിമാനായ ദൈവം നമ്മോടോപ്പമുണ്ട് എന്ന വിശ്വാസം ആഴമാക്കുകയും ചെയ്തുകൊണ്ട് നീതമാന്മാരുടെ ഒരു സ്നേഹ സമൂഹമായിത്തീരാൻ ഈ തപസ്സ്കാലത്ത് നമുക്ക് നമ്മെത്തന്നെ സമർപ്പിക്കാം. ദൈവം നിങ്ങളെ അനുഗ്രഹിക്കട്ടെ.

സ്നേഹത്തോടെ

വെള്ളയമ്പലം
15.02.2010

† സൂസപാക്യം എം.
തിരുവനന്തപുരം മെത്രാപ്പോലീത്ത

---

**NB:** ഈ ഇടയലേഖനം ഈ മാസം 21-ാം തിയതി തപസ്സ് കാലം ഒന്നാം ഞായറാഴ്ച്ച ദിവ്യബലി മദ്ധ്യേ വായിച്ചു വിശദീകരിക്കേണ്ടതാണ്.